**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1986** **09-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കാനും ശക്തിപ്പെടുത്താനുമുള്ള എന്തെങ്കിലും നിർദേശങ്ങൾ സർക്കാർ മുമ്പാകെയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കാനും ശക്തിപ്പെടുത്താനുമായി ബോർഡിൽ 14 അധിക അസിസ്റ്റന്റ് എൻജിനീയറുടെ തസ്തികയും, ഒരു നിയമ ഓഫീസർ തസ്തികയും, ബോർഡിൽ ഒരു സ്ഥിര ആഭ്യന്തര പരിശോധനാ വിഭാഗം രൂപീകരിക്കുന്നതിലേക്കായി ഒരു അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ തസ്തികയും, 2 സീനിയർ സൂപ്രണ്ട് തസ്തികയും, 8 അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയും, കൂടാതെ ഐ.റ്റി എൻജിനീയറുടെ അധിക തസ്തികയും, അതോടൊപ്പം പരിസ്ഥിതി നിയമങ്ങൾ/ചട്ടങ്ങൾ, ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവുകൾ എന്നിവ ഫീൽഡ് തലത്തിൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുമായി പ്രോജക്ട് അസ്സിസ്റ്റന്റുമാരെ നിയമിക്കുന്നത് സംബന്ധിച്ച വിഷയവും സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ സംരംഭകരെയും വ്യാപാരികളെയും അപ്രായോഗികവും അശാസ്ത്രീയവും നിയമവിരുദ്ധവുമായ നിബന്ധനകൾ ഉന്നയിച്ച് ലൈസൻസിനായുള്ള അപേക്ഷകൾ യഥാസമയം തീർപ്പാക്കാതെ വൈകിപ്പിച്ച് ബുദ്ധിമുട്ടിയ്ക്കുന്നതായുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത ബോർഡിൽ ആകെ അനുവദിച്ച തസ്തികകൾ, അവയിൽ നിലവിലുള്ള ഒഴിവുകൾ, ആകെയുള്ള തസ്തികകളിലെ നിയമനം എന്നിവ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ? | (സി) | ബോർഡിൽ ആകെ അനുവദിച്ച തസ്തികകളുടെ എണ്ണം 434 (10 സൂപ്പർ ന്യൂമററി തസ്തികകൾ ഉൾപ്പെടെ). ഇതിൽ 194 സ്ഥിരം നിയമനം, 2 ഡെപ്യൂട്ടേഷൻ തസ്തിക ഒഴിച്ച് ശേഷിച്ച 238 തസ്തികകളിൽ പി.എസ്.സി മുഖേന സ്ഥിരനിയമനം നടത്തുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ